# <u>യുവാവിനെ ആക്രമിച്ച കേസിൽ രണ്ടു പേർ അറസ്റ്റിൽ</u>

നവമാധ്യമങ്ങളിൽ പോസ്റ്റ് ഇട്ട വിരോധത്തിൽ യുവാവിനെ ആക്രമിച്ച കേസിൽ രണ്ടു പേർ അറസ്റ്റിൽ. എടവനക്കാട് പുളിയത്തു വിട്ടിൽ സുൽഫിക്കർ (46), എടവനക്കാട് മായാബസാർ തൈപ്പറമ്പ് വീട്ടിൽ അയ്യൂബ്(42) എന്നിവരെയാണ് പോലിസ് അറസ്റ്റ് ചെയ്തത്. പ്രമോദ് എന്ന യുവാവിനാണ് ആക്രമണത്തിൽ പരിക്കേറ്റത്. കഴിഞ്ഞ തിങ്കളാഴ്ച പറവൂർ പുല്ലം കുളം സ്ക്കൂളിനു സമിപം വച്ചാണ് ആക്രമണം നടന്നത്. സ്റ്റീൽ പൈപ്പ് കൊണ്ടുള്ള അടിയേറ്റ് വിരലുകൾക്ക് ഒടിവ് സംഭവിച്ചു. സംഭവ ശേഷം ഒളിവിൽ പോയ പ്രതികളെ ജില്ലാ പോലിസ് മേധാവി കെ. കാർത്തിക്കിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം പിടികൂടുകയായിരുന്നു. ഡി.വൈ.എസ്.പി എം.ആർ. മധു ബാബു, ഇൻസ്പെക്ടർ ഷോജോ വർഗീസ് എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു. സംഭവത്തെ ക്കുറിച്ച് വിശദമായി അന്വേഷണം നടത്തിവരികയാണെന്നും കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ശക്തമമായ നടപടി സ്വീകരിക്കുമെന്നും എസ്.പി. കെ. കാർത്തിക് പറഞ്ഞു.